# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 924** | **14/06/2012 ൽ മറുപടിക്ക്**

## ''സ്നേഹസ്പർശം പദ്ധതി''

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പൊതുവിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | എ) വിദ്യാഭ്യാസ പാക്കേജ് നടപ്പിലാക്കി. ശമ്പളമില്ലാതെ ജോലി ചെയ്തുവന്ന 1805 അദ്ധ്യാപകർക്ക് നിയമനം അംഗീകരിച്ചു നൽകി. ശമ്പളം നൽകി. 1286 റിട്രഞ്ച്ഡ് അദ്ധ്യാപകർക്ക് പരിശീലനം നൽകി. അവരെ എസ്.എസ്.എയുടെ കീഴിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരാക്കാൻ തീരുമാനിച്ചു. എസ്.എസ്.എൽ.സി പരീക്ഷാഫലം റെക്കോർഡ് വിജയത്തോടെ സമയബന്ധിതമായി പ്രസിദ്ധീകരിച്ചു. ടേർമിനൽ പരീക്ഷകൾ പുന:സ്ഥാപിച്ചു. ടേർമിനൽ പരീക്ഷാ ചോദ്യങ്ങൾ എസ്.സി.ഇ.ആർ.ടിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഇതിൽ നിന്നും ഡൗൺലോഡ് ചെയ്ത് ചോദ്യം ജില്ലകളിൽ തയ്യാറാക്കി വിതരണം ചെയ്തു. പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തിയാക്കി. കഴിഞ്ഞ വർഷം എല്ലാ എസ്.സി/എസ്.ടി കുട്ടികൾക്കും സൗജന്യമായി സൈക്കിൾ വിതരണം ചെയ്തു. സർക്കാർ സ്കൂളുകളിൽ എട്ടാം ക്ലാസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തി. |
| ബി) രക്ഷിതാക്കളും കുട്ടികളും അദ്ധ്യാപകരുമായി വിദ്യാഭ്യാസ വകുപ്പ് നേരിട്ട് ബന്ധപ്പെടുന്ന ''സ്നേഹസ്പർശം'' പദ്ധതി എത്രത്തോളം വിജയമായിട്ടുണ്ട് ; | ബി) വിദ്യാർത്ഥികളുടെ പഠന ധാർമ്മിക നിലവാരം ഉയർത്തുന്നതിനു ലക്ഷ്യമിട്ട് ആരംഭിച്ച 'സ്നേഹ സ്പർശം' എന്ന പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. കുട്ടികളിൽ മലയാള ഭാഷയിൽ |

(.......2)

കത്തെഴുത്തും വായനയും സ്നേഹ മുദ്രയായിരുന്ന ഒരു മുൻകാല ഘട്ടത്തെ പുനരുജ്ജീവിപ്പിക്കുവാനും മലയാള ഭാഷയുടെ എഴുത്തുപയോഗം വർദ്ധിപ്പിക്കാനും ഈ പദ്ധതികൊണ്ട് കഴിയുന്നു. ഈ പദ്ധതി പ്രകാരം ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി പി.ടി.എ പ്രസിഡന്റ്മാർക്ക് നേരിട്ട് കത്തുകൾ അയക്കുകയും അവയ്ക്ക് മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | പൊതുവിദ്യാഭ്യാസ രംഗത്ത് പുതുതായി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ? | സി) | സംസ്ഥാനത്ത് മുഴുവൻ അദ്ധ്യാപകർക്കും ഘട്ടം ഘട്ടമായി പരിശീലനം നൽകും. ഗവൺമെന്റ് സ്കൂൾ കുട്ടികൾക്കു ഈ വർഷം സൗജന്യമായി യൂണിഫോം വിതരണം ചെയ്യും. സ്കൂൾ തുറപ്പിനു എല്ലാ കുട്ടികൾക്കും 6 കിലോ അരിവീതം നൽകാൻ തീരുമാനിച്ചു. 8-ാം ക്ലാസ്സ് യു.പി. തലത്തിലേക്കും 5-ാം ക്ലാസ്സ് എൽ.പി. തലത്തിലേക്കും മാറ്റും. സംസ്ഥാനത്തെ മുഴുവൻ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ് റൂമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആദ്യഘട്ടം എന്ന നിലയിൽ ഈ വർഷം എല്ലാ സ്കൂളിലും ഒരു സ്മാർട്ട് ക്ലാസ്സ് റൂം ആക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ